APPOINTMENT OF ADJUDICATORS

378. മിസ്റ്റർ കെ. കെ. കണ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) ഏതെല്ലാം വ്യവസായങ്ങളിലും കമ്പനികളിലും ഉണ്ടായിട്ടുള്ള തൊഴിൽതർക്കങ്ങളെ കുറിച്ചു വിചാരണചെയ്യ് തീർപ്പുണ്ടാക്കുവാനാണ് അഡ്ജൂഡിക്കേറ്റർമാരെ നിയമിച്ചിട്ടുള്ളത്;

(ബി) ഇതുകൂടാതെ എത്ര തൊഴിൽ തർക്കങ്ങളാണ് ക്യാബിനറ്റ് ഗവണ്മെണ്ട് നടപ്പിൽവന്നതിൽ പിന്നെ കൊച്ചിയിൽ ഉണ്ടായിട്ടുള്ളത്;

(സി) അവയിൽ അഡ്ജൂഡിക്കേഷനു് വെച്ചിട്ടുള്ളവ എത്ര;

(ഡി) അഡ്ജൂഡിക്കേഷനു വെച്ചിട്ടുള്ളവയിൽ ഏതെല്ലാമാണ് വിചാരണചെയ്തു തീർപ്പു കല്പിക്കപ്പെട്ടിട്ടുള്ളത്;

(ഇ) തീർപ്പ് ചെയ്യിരിക്കുന്നതു് ഏതെല്ലാം തിയ്യതികളിലാണ്;

(എഫ്) ഇനിയും അഡ്ജൂഡിക്കേഷനിൽ ഇരിക്കുന്ന തൊഴിൽ തർക്കങ്ങൾ, എത്ര; ഏതെല്ലാം;

(ജി) അഡ്ജൂഡിക്കേഷനു നിയമപ്രകാരമുള്ള കാലാവധി എത്ര?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) (ക) അളകപ്പടെക്സ്റ്റൈൽസ്.
(ഖ) കൊച്ചിൻ പോട്ടറീസ്.
(ഗ) സീതാറാം സ്പിന്നിങ്ങ് ആൻറ് വീവിങ്ങ് കമ്പനി.
(ഘ) സ്റ്റാൻേറഡ് വാക്വം ഓയിൽ കമ്പനി.
(ങ) കൊക്കാലെ റൈസ് ആൻറ് ഓയിൽമിൽസ്.
(ച) ഗുരുവായൂർ റബ്ബർ വർക്സ്.
(ഛ) ടാറാ ഓയിൽ മിൽസ്.
(ജ) ബമ്മാഷെൽ ഓയിൽ കമ്പനി.
(ഝ) വെള്ളാനിക്കര തട്ടിൽ എസ്റ്റേറ്റ് റബ്ബർ ഫാക്ടറി.
(ഞ) കരുവന്നൂരുള്ള അഞ്ചു ഓട്ടുകമ്പനികൾ.
(ട) കൊച്ചിൻസ്റ്റേറ്റ് പവ്വർ ആൻറ് ലൈറ്റ് കോർപ്പറേഷൻ.
(ഠ) സ്റ്റാൻേറഡ് വാക്വം ഓയിൽ കമ്പനി (രണ്ടാം തവണ).

(ബി) ക്യാബിനറ്റ് ഗവണ്മെണ്ട് നടപ്പിൽ വന്നതിൽപിന്നെ ട തൊഴിൽ തർക്കങ്ങൾ കൊച്ചിയിൽ ഉണ്ടായിട്ടുണ്ട്.

(സി) ട തൊഴിൽ തർക്കങ്ങൾ അഡ്ജൂഡിക്കേഷനു് വെച്ചിട്ടുണ്ട്. (മുകളിൽ "എ"-ൽ കൊടുത്തിരിക്കുന്നതു നോക്കുക)

(ഡി) അഡ്ജൂഡിക്കേഷനിൽ വെച്ചിട്ടുള്ളവയിൽ ൪ തൊഴിൽ തർക്കങ്ങളുടെ അവാർഡ് കിട്ടുകയും അതിൽ മൂന്നെണ്ണത്തിന്മേൽ അവസാന ഉത്തരവു പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള രണ്ടെണ്ണം ഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

(ഇ) അവസാന ഉത്തരവു പാസ്സാക്കിയിട്ടുള്ളതു താഴെ പറയുന്ന തിയ്യതികളിലാണ്.

കൊക്കാലെ റൈസ് ആൻറ് ഓയിൽമിൽസ് ൭—൭—൧൯൫൭-ൽ.
സ്റ്റാൻേറഡ് വാക്വം ഓയിൽകമ്പനി ൩—൩—൧൯൫൭-ൽ.
അളകപ്പടെക്സ്റ്റൈൽസ് ൽ— ൭— ൧൯൫൭-ൽ.

(എഫ്) താഴെ പറയുന്നവ.—
(ക) കൊച്ചിൻ പോട്ടറീസ്.
(ഖ) സീതാറാം സ്പിന്നിങ്ങ് ആൻറ് വീവിങ്ങ് മിൽസ്.
(ഗ) സ്റ്റാൻേറഡ് വാക്വം ഓയിൽകമ്പനി.
(ഘ) ബമ്മാഷെൽ കമ്പനി.
(ങ) വെള്ളാനിക്കര തട്ടിൽ റബ്ബർ എസ്റ്റേറ്റ്.
(ച) കരുവന്നൂരിലുള്ള ഓട്ടുകമ്പനികൾ.

(ജി) കാലാവധി ഒന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കെ. പോൾ: ഫ ഫ ന തൊഴിൽ തക്കടം ഉണ്ടായതിൽ ഫ ഫ എണ്ണം അഡ്ജൂഡിക്കേഷന വച്ച എന്ന പറയുന്ന. ബാക്കിയുള്ളതു് എങ്ങിനെയാണ തീർന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ബാക്കിയുള്ള തൊഴിൽതക്കടം ലേബർ ഇൻസ്പെക്ടരും ലേബർ കമ്മീഷണരുംകൂടി സെറ്റിൽചെയ്തു. യൂണിയനും മുതലാളിയും തമ്മിൽ സെറ്റിൽചെയ്യാൻ സാധിക്കാത്ത തൊഴിൽ തക്കമാണു് അഡ്ജൂഡിക്കേഷന വച്ചിട്ടുള്ളതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കൊക്കാല റയിസ്സ് ആൻറ് ഓയൽമിസിലെ തൊഴിൽ തക്കത്തിൻറെ തീർപ്പു് എങ്ങിനെയാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു ഗസറ്റിൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്.

PORINGALKUTHU WORKS

379. Mr. K. A. Raghavan *(Nominated)*: Will Government be pleased to state what is the average number of coolies working at Poringalkuthu for departmental work every day from January 1947 till the end of May 1947?

Rao Sahib K. Ayyappan *(Minister for Public Works)*: 300.

മിസ്റ്റർ കെ. എ. രാഘവൻ: കൂലിക്കാരെ സപ്ലൈചെയ്യുന്നതു കൺട്രാക്ടർമാരാണോ അതോ ഗവൺമെണ്ടോ?

റാവുസാഹിബു് കെ. അയ്യപ്പൻ: കൺട്രാക്ടർമാരാണു്.

മാസ്റ്റർ കെ. എ. രാഘവൻ: കൂലിക്കാരെ പെരിങ്ങൽകുത്തിൽ ഹാജരാക്കാനോ അതോ ചാലക്കുടിയിൽ ഹാജരാക്കാനോ കൺട്രാക്ടർമാരോടു പറഞ്ഞിട്ടുള്ളതു്?

റാവുസാഹിബു് കെ. അയ്യപ്പൻ: പണിസ്ഥലത്തു ഹാജരാക്കാനാണ പറഞ്ഞിട്ടുള്ളതു്.

മിസ്റ്റർ കെ. എ. രാഘവൻ: ചാലക്കുടിയിൽനിന്ന പെരിങ്ങൽകുത്തിലേയ്ക്ക കൂലിക്കാരുടെ ട്രാൻസ്പോർട്ട് ചാർജ്ജ് കൊടുക്കുന്നുണ്ടോ?

റാവുസാഹിബു് കെ. അയ്യപ്പൻ: ഇല്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ന ാ ാ കൂലിക്കാരുടെ പ്രവൃത്തിയെ പരിശോധിയ്ക്കാൻ എത്ര ഓളകാം ഉണ്ടവിടെ?

റാവുസാഹിബു് കെ. അയ്യപ്പൻ: അവിടെയുള്ള ഉദ്യോഗസ്ഥന്മാരാണു് അതുനോക്കുന്നതു്. എത്രപേരുണ്ടു് എന്ന കൃത്യമായി പറയാൻ നോട്ടീസുവേണം.

മിസ്റ്റർ കെ. എ. രാഘവൻ: അവിടെ ന ാ ാ കൂലിക്കാക്കു് ഒരുമിച്ചാണോ കൂലി കൊടുക്കുന്നതു; അതോ ഓരോരുത്തോക്കും പ്രത്യേകിച്ചാണോ കൊടുക്കുന്നതു്; റേറ് എന്താണു്?

റാവുസാഹിബു് കെ. അയ്യപ്പൻ: ഓരോരുത്തക്കും പ്രത്യേകിച്ചാണ കൂലി കൊടുക്കുന്നതു്; ഒരാൾക്കു് രണ്ടു രൂപായാണ കൂലി.

മിസ്റ്റർ കെ. എ. രാഘവൻ: ആഹാരത്തിനുള്ള പുറമേയാണോ ഈ കൂലി കൊടുക്കുന്നതു്?

റാവുസാഹിബു് കെ. അയ്യപ്പൻ: അല്ല.

മിസ്റ്റർ കെ. എ. രാഘവൻ: അവർ പിന്നെ എങ്ങിനെയാണു് ആഹാരം കഴിക്കുന്നതു്?

റാവുസാഹിബു് കെ. അയ്യപ്പൻ: അതിനു് അവർ ഏർപ്പാട ചെയ്തിട്ടുണ്ടായിരിക്കും.

മിസ്റ്റർ പി. കെ. പോൾ: ഗവൺമെണ്ടിൽനിന്ന കൂലിക്കാരെ കൊടുക്കുന്നതിനുള്ള പ്രയാസമായതുകൊണ്ടാണോ കൺട്രാക്ടർമാരെ ഏല്പിച്ചതു്?

റാവുസാഹിബു് കെ. അയ്യപ്പൻ: ആദ്യം ഗവൺമെണ്ടിൽ നിന്നു് അതു പരിക്ഷിച്ചുനോക്കി, ഗുണകരമല്ലായെന്ന കണ്ടപ്പോൾ ടെൻറർ വിളിച്ചുകൊടുത്തു.

മിസ്റ്റർ പി. കെ. പോൾ: രണ്ടു രൂപാ കൂലിക്കാക്കു കൊടുക്കുന്നുണ്ടെന്ന പറഞ്ഞുവല്ലോ, അതു ഗവൺമെണ്ടിൽനിന്ന നേരിട്ടോ അതോ കൺട്രാക്ടരോ കൊടുക്കുന്നതു്?

റാവുസാഹിബു് കെ. അയ്യപ്പൻ: കൺട്രാക്ടരാണു് കൊടുക്കുന്നതു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഇതിൽനിന്നു് എത്രമാത്രമെടുത്തിട്ടാണ കൺട്രാക്ടർ കൂലിക്കാരനു കൊടുക്കുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly